# 2001-ലെ 15-ാം ആക്ററ്

# 2001-ലെ പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും (ഭരണ നിർവ്വഹണത്തിനുവേണ്ടിയുള്ള കൈമാററം) ആക്ററ് *

പരിയാരം മെഡിക്കൽ കോളേജിൻെറയും ആശുപത്രിയുടെയും ശരിയായ പ്രവർത്തനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടിയും പൊതു താല്പര്യാർത്ഥം പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും എന്ന സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണം, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ സയൻസസ് അക്കാഡമിക്കും സഹകരണ ആശുപത്രി കോംപ്ലക്സിനും കൈമാറുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ററ്

പീഠിക.—ഉത്തര കേരളത്തിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും വേണ്ടി, സർക്കാർ പങ്കാളിത്തത്തോടുകൂടി സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാഡമിയും സ്ഥാപിക്കപ്പെട്ടിട്ടുള്ളതിനാലും;

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി വില്ലേജിൽ റി.സ. 256/7-ാം നമ്പരിൽ ഉൾപ്പെട്ട 48.1562 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയും അതിനോടനുബന്ധിച്ചുള്ള ദേഹണ്ഡങ്ങളും പരിയാരം മെഡിക്കൽകോളേജും ആശുപത്രിയും സ്ഥാപിക്കുന്നതിനുവേണ്ടി സഹകരണ ആശുപത്രി കോംപ്ലക്സിന് സർക്കാർ തീറു നൽകിയിട്ടുള്ളതിനാലും;

പരിയാരം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുമതി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും സൊസൈററികൾക്ക് ലഭിക്കേണ്ടതിന്റെ ആവശ്യത്തിലേക്കായി പരിയാരം മെഡിക്കൽ കോളേജ് സ്ഥാപിച്ചതിനുശേഷം സർക്കാർ അതിന്റെ നടത്തിപ്പ് ഏറെറടുക്കുകയോ അല്ലെങ്കിൽ അക്വയർ ചെയ്യുകയോ ഇല്ലെന്നുള്ള ഒരു ഉറപ്പ് കേരള സർക്കാർ നൽകിയിട്ടുള്ളതിനാലും;

---

* 2001 ഡിസംബർ 17–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2001 ഡിസംബർ 21–ാം തീയതിയിലെ 2046–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ പരിയാരം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അനുമതി ഇൻഡ്യൻ മെഡിക്കൽ കൗൺസിലും കേന്ദ്ര സർക്കാരും മെഡിക്കൽ സയൻസസ് അക്കാഡമിക്ക് നൽകിയിട്ടുള്ളതിനാലും;

മെഡിക്കൽ സയൻസസ് അക്കാഡമിയും സഹകരണ ആശുപത്രി കോംപ്ലക്സും, യഥാക്രമം പരിയാരം മെഡിക്കൽകോളേജും ആശുപത്രിയും സ്ഥാപിക്കുകയും, **1994-95** അക്കാദമിക് വർഷം മുതൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതിനാലും;

**1997**-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാഡമിയും (ഭരണ നിർവ്വഹണം ഏറെറടുക്കൽ) ആക്ററ് (**1997**-ലെ **6**) പ്രകാരം മെഡിക്കൽ സയൻസസ് അക്കാഡമിയുടെയും സഹകരണ ആശുപത്രി കോംപ്ലക്സിൻെറയും ഭരണനിർവ്വഹണം, **1997** ഫെബ്രുവരി **9**-ാം തീയതി മുതൽ പരിമിതമായ ഒരു കാലയളവിലേക്ക് ഏറെറടുത്തിരുന്നതിനാലും;

രണ്ടു സൊസൈററികളുടെയും ഭരണ നിർവ്വഹണം സർക്കാർ ഏറ്റെടുത്തിരുന്ന കാലാവധി **2001** ഫെബ്രുവരി **9**-ാം തീയതി അവസാനിക്കുമായിരുന്നതിനാലും;

സൊസൈററികളുടെ ഭരണനിർവ്വഹണം സർക്കാർ ഏറെറടുത്തിരുന്ന കാലാവധി അവസാനിക്കുന്നതിനു മുൻപുതന്നെ, പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും, **2000**-ത്തിലെ വൈദ്യശാസ്ത്രത്തിനും ക്ഷയ-നെഞ്ചുരോഗങ്ങളുടെ വിദഗ്ദ്ധ പഠനത്തിനുമുള്ള പരിയാരം ഇൻസ്ററിററ്യൂട്ട് ഓർഡിനൻസിലെ (**2000**-ത്തിലെ **19**) വ്യവസ്ഥകൾ പ്രകാരം, ഏറെറടുത്തിരിക്കുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി **2001**-ലെ **12**-ാം നമ്പർ ഓർഡിനൻസും **2001**-ലെ **22**-ാം നമ്പർ ഓർഡിനൻസും യഥാക്രമം **2001** ജനുവരി **28**-ാം തീയതിയും **2001** മാർച്ച് **13**-ാം തീയതിയും കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

സർക്കാരിലേക്ക് കൈമാററം ചെയ്യപ്പെടുകയും നിക്ഷിപ്തമാക്കപ്പെടുകയും ചെയ്തതിന് സൊസൈററികൾക്ക് മുൻപറഞ്ഞ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കുന്ന, സ്ഥാപനങ്ങളുടെ കമ്പോള വിലയെ ആധാരമാക്കിയുള്ള നഷ്ട പരിഹാരം നൽകേണ്ടിവരുന്നതിനാലും;

മുൻപറഞ്ഞ ഓർഡിനൻസ്, വിളംബരം ചെയ്തതതിനുശേഷം പരിയാരം മെഡിക്കൽ കോളേജിന്റെ അംഗീകാരം ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പിൻവലിച്ചിരിക്കുന്നതിനാലും;

മുൻപറഞ്ഞ ഓർഡിനൻസിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് വേണ്ടി സൊസൈററികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും പരിയാരം മെഡിക്കൽ കോളേജിലും ആശുപത്രിയിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടി സർക്കാരിന് താങ്ങാൻ കഴിയാത്ത തുക വഹിക്കേണ്ടിവരുമെന്നതിനാലും;

പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും സൊസൈററികൾക്ക് കൈമാററം ചെയ്യുകയാണെങ്കിൽ പ്രസ്തുത കോളേജിന് **2001-2002** നടപ്പ് അക്കാദമിക് വർഷത്തിൽ തന്നെ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടുന്നതിന് വേണ്ടി ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യമായ എല്ലാ സൗകര്യങ്ങളും മെഡിക്കൽ കോളേജിന് നൽകാൻ തയ്യാറാണെന്ന് അവർ നിവേദനം നൽകിയിട്ടുള്ളതിനാലും;

ഇൻഡ്യൻ ഭരണഘടനയുടെ **213**-ാം അനുച്ഛേദം **(2)**-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം **2001** ജൂലായ് **17**-ാം തീയതി മുതൽ മുൻപറഞ്ഞ ഓർഡിനൻസിന്റെ വ്യവസ്ഥകൾക്ക് പ്രാബല്യമില്ലാതായിത്തീർന്നതിനാലും;

പൊതുജന താൽപ്പര്യാർത്ഥവും പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ താൽപ്പര്യാർത്ഥവും, സംസ്ഥാനത്തിന്റെ വടക്കൻ പ്രദേശത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിനും മെഡിക്കൽ സൗകര്യങ്ങൾക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയും, പരിയാരം മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടേയും ഭരണം സൊസൈററികളെ ഏല്പിക്കാൻ തീരുമാനിച്ചിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിരണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ററിന് 2001-ലെ പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും (ഭരണനിർവ്വഹണത്തിനുവേണ്ടിയുള്ള കൈമാററം) ആക്ററ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "മെഡിക്കൽ സയൻസസ് അക്കാദമി" എന്നാൽ കണ്ണൂർ ജില്ലയിൽ പരിയാരത്തുള്ള മെഡിക്കൽ സയൻസസ് അക്കാദമി എന്നറിയപ്പെടുന്നതും 1860-ലെ സൊസൈററികൾ രജിസ്ട്രേഷൻ ആക്ററ് (1860-ലെ XXI-ാം കേന്ദ്ര ആക്ററ്) പ്രകാരം രജിസ്ററർ ചെയ്യപ്പെട്ടതും, 1993-ലെ 503-ാം നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കററ് ഉള്ളതുമായ സൊസൈററി എന്നർത്ഥമാകുന്നു;

(ബി) "കൺട്രോൾ ബോർഡ്" എന്നാൽ 1997-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാഡമിയും (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ആക്ററിലെ (1997-ലെ 6) 3-ാം വകുപ്പിൻ കീഴിൽ സർക്കാർ നിയമിച്ച കൺട്രോൾ ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ബൈലാകൾ" എന്നാൽ സഹകരണ ആശുപത്രി കോംപ്ലക്സിന്റെ ബൈലാകൾ എന്നർത്ഥമാകുന്നു;

(ഡി) "സഹകരണ ആശുപത്രി കോംപ്ലക്സ്" എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്ററിൻ (1969-ലെ 21) കീഴിൽ, 1992-ലെ 4386-ാം നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കററ് പ്രകാരം രജിസ്ററർ ചെയ്യപ്പെട്ട കണ്ണൂരിലെ കേരള സംസ്ഥാന സഹകരണ ആശുപത്രി കോംപ്ലക്സ് ആൻറ് സെൻറർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിററഡ് എന്നറിയപ്പെടുന്ന സഹകരണ സൊസൈററി എന്നർത്ഥമാകുന്നു;

(ഇ) "സ്ഥാപനം" എന്നാൽ മെഡിക്കൽ സയൻസസ് അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻെറയും ചട്ടങ്ങളുടെയും, റഗുലേഷനുകളുടെയും കീഴിൽ സ്ഥാപിച്ചിട്ടുള്ള പരിയാരം മെഡിക്കൽ കോളേജും, സഹകരണ ആശുപത്രി കോംപ്ലക്സിനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ആശുപത്രിയും അതിനോടു ബന്ധപ്പെട്ടതും അതിനായി ഉപയോഗിക്കുന്നതുമായ ഡിസ്പെൻസറികളും എന്നർത്ഥമാകുന്നതും, ഇപ്പോൾ സർക്കാരിൻെറ കൈവശത്തിലും നിയന്ത്രണത്തിലും ഇരിക്കുന്ന മേൽപ്പറഞ്ഞ മെഡിക്കൽ

കോളേജും ആശുപത്രിയുമായി ബന്ധപ്പെട്ടോ, കൂട്ടിച്ചേർത്തോ അനുബന്ധമായോ ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളും ലക്ച്ചർ മുറികളും മ്യൂസിയങ്ങളും പരീക്ഷണശാലകളും ഗ്രന്ഥശാലകളും ഹോസ്ററലുകളും ബോർഡിംഗ് മന്ദിരങ്ങളും മെഡിക്കൽ കോളേജിലും ആശുപത്രിയിലും ഉള്ള ഭൂമി ഒഴികെയുള്ള, എല്ലാ സ്വത്തുക്കളും അവകാശങ്ങളും അധികാരങ്ങളും, അധികാരപ്പെടുത്തലുകളും വിശേഷാവകാശങ്ങളും ഫർണ്ണിച്ചറുകളും സ്റേറാഴ്സും സജ്ജീകരണങ്ങളും മോട്ടോർ വാഹനങ്ങളും മററു വാഹനങ്ങളും ക്യാഷ് ബാലൻസും കരുതൽ ഫണ്ടും നിക്ഷേപങ്ങളും ബുക്കുകടങ്ങളും, മറെറല്ലാ ജംഗമവകാശങ്ങളും താല്പര്യങ്ങളും ഉൾപ്പെടുന്നതുമാണ്;

(എഫ്) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജി) “ആശുപത്രി” എന്നാൽ സഹകരണ ആശുപത്രി കോംപ്ലക്സ് സ്ഥാപിച്ചിട്ടുള്ള ആശുപത്രി എന്നർത്ഥമാകുന്നു;

(എച്ച്) “മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ” എന്നാൽ മെഡിക്കൽ സയൻസസ് അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നർത്ഥമാകുന്നു;

(ഐ) “പരിയാരം മെഡിക്കൽ കോളേജ്” എന്നാൽ മെഡിക്കൽ സയൻസസ് അക്കാഡമി സ്ഥാപിച്ചിട്ടുള്ള മെഡിക്കൽ കോളേജ് എന്നർത്ഥമാകുന്നു;

(ജെ)“സൊസൈററികൾ” എന്നാൽ സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാഡമിയും എന്നർത്ഥമാകുന്നു;

(കെ) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു; .

**3.** <u>സ്ഥാപനത്തിന്റെ ഭരണം സൊസൈററികളിലേക്ക് കൈമാറുമെന്ന്.</u>—**(1)** ഈ ആക്ററിൻെറ പ്രാരംഭ തീയതിയിൽ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും കരാറിലോ മററ് പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, —

(എ) **2**-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്നതായ സ്ഥാപനം പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും നേരിട്ടോ

അവയ്ക്കുവേണ്ടിയോ വാങ്ങിയിട്ടുള്ളതും അങ്ങിനെയുള്ള തീയതിയിൽ അവശേഷിക്കുന്നതുമായ കടങ്ങളും അവയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മററ് എല്ലാത്തരം ബാദ്ധ്യതകളും കടപ്പാടുകളും ഉൾപ്പെടെ, സൊസൈററികളിലേക്ക് കൈമാററപ്പെടുന്നതും അവയിൽ പൂർണ്ണമായി നിക്ഷിപ്തമാകുന്നതുമാണ്;

(ബി) സൊസൈററികളുടെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമെന്ന നിലയ്ക്ക് പരിയാരം മെഡിക്കൽ കോളേജിൻെറ ഭരണ നിർവ്വഹണം മെഡിക്കൽ സയൻസസ് അക്കാഡമി നടത്തേണ്ടതാണ്.

**(2)** സൊസൈററികളുടെ ഒരു സ്ഥാപനമെന്ന നിലയ്ക്ക് പരിയാരം മെഡിക്കൽ കോളേജിൻെറ ഭരണനിർവ്വഹണം നടത്തുമ്പോൾ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് സൊസൈററികൾ ആ സ്ഥാപനം രൂപീകരിച്ചിട്ടുള്ളതിൻെറ ഉദ്ദേശ്യം കണക്കിലെടുക്കേണ്ടതാണ്.

**(3)** പരിയാരം മെഡിക്കൽ കോളേജിൻേറയും ആശുപത്രിയുടേയും ഭരണനിർവ്വഹണത്തിനായി ഇതിനോടകം സർക്കാർ വഹിച്ചിട്ടുള്ള എല്ലാ ചെലവുകളും, ഈ ആക്ററിൻെറ പ്രാരംഭ തീയതി മുതൽ മൂന്നു മാസത്തിനകം സർക്കാരിന് തിട്ടപ്പെടുത്താവുന്നതും, അപ്രകാരം തിട്ടപ്പെടുത്തുന്ന തുക അതാത് സൊസൈററികളുടെ ഓഹരി മൂലധനത്തിലേക്കുള്ള സർക്കാർ വിഹിതമായി കണക്കാക്കേണ്ടതുമാണ്.

**4.** <u>പരിയാരം മെഡിക്കൽ കോളേജിൻെറയും ആശുപത്രിയുടെയും താല്പര്യങ്ങൾക്ക് ഹാനികരമായതോ ദുരുദ്ദേശത്തോടുകൂടിയതോ ആയ കരാറുകളോ ഉത്തരവുകളോ റദ്ദാക്കുകയോ മാററം വരുത്തുകയോ ചെയ്യാമെന്ന്</u> .—**(1)** ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സൊസൈററികളിൽ നിന്നുള്ള അപേക്ഷകളിൻമേൽ സർക്കാരിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണത്തിനുശേഷം അതിന്, പരിയാരം മെഡിക്കൽ കോളേജിൻെറയും ആശുപത്രിയുടെയും കാര്യത്തിൽ അഥവാ മെഡിക്കൽ കോളേജിൻെറയും ആശുപത്രിയുടെയും കാര്യങ്ങളുമായി ബന്ധപ്പെട്ട് ഈ ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ് കൺട്രോൾ ബോർഡോ അതിലെ ഏതെങ്കിലും അംഗമോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കരാറോ ഉടമ്പടിയോ അഥവാ ആ കോളേജിൻെറയും ആശുപത്രിയുടെയും കാര്യങ്ങളുമായി ബന്ധപ്പെട്ട് കൺട്രോൾ ബോർഡ് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ ദുരുദ്ദേശപരമായിരുന്നെന്നോ പരിയാരം മെഡിക്കൽ കോളേജിൻെറയും

ആശുപത്രിയുടെയും താല്പര്യങ്ങൾക്ക് ഹാനികരമാണെന്നോ ബോദ്ധ്യമായാൽ അങ്ങനെയുള്ള കരാറോ ഉടമ്പടിയോ ഉത്തരവോ റദ്ദാക്കുകയോ (ഉപാധികളില്ലാതെയോ ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ ഉചിതമെന്നു കരുതുന്ന ഉപാധികളോടെയോ) മാററം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആയതിനുശേഷം ആ കരാറിനോ ഉടമ്പടിക്കോ ഉത്തരവിനോ അനുസരിച്ച് മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്:

എന്നാൽ കരാറിലേയോ ഉടമ്പടിയിലേയോ ഉത്തരവിലേയോ കക്ഷികൾക്ക് പറയുവാനുള്ളതു പറയാൻ ന്യായമായ അവസരം നൽകാതെ ഏതൊരു കരാറോ ഉടമ്പടിയോ ഉത്തരവോ റദ്ദാക്കുവാനോ മാററം വരുത്തുവാനോ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പിൻ കീഴിലുള്ള ഉത്തരരവുമൂലം വൈഷമ്യം അനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോവേണ്ടി പരിയാരം മെഡിക്കൽ കോളേജും ആശുപത്രിയും സ്ഥിതിചെയ്യുന്ന സ്ഥലത്ത് സിവിൽ അധികാരിതയുള്ള പ്രിൻസിപ്പൽ കോടതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതും അതിൻമേൽ അങ്ങനെയുള്ള ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ ഭേദഗതി ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ആ കോടതിക്ക് യുക്തമെന്നു തോന്നുന്ന, ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

**5.** <u>പരിയാരം മെഡിക്കൽ കോളേജിൻെറയും ആശുപത്രിയുടെയും ഉദ്യോഗസ്ഥൻമാരെയും മററു ജീവനക്കാരെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ</u>.—ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ട് മുൻപ് പരിയാരം മെഡിക്കൽ കോളേജിലും ആശുപത്രിയിലും അഥവാ അവയുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന ഓരോ ഉദ്യോഗസ്ഥനും അഥവാ മററു ജീവനക്കാരനും, ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന ദിവസം മുതൽ, അതതു സംഗതിപോലെ, സൊസൈററികളുടെ ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ ആയിത്തീരുന്നതും ഈ ആക്ററ് ഉണ്ടാക്കിയിട്ടില്ലായിരുന്നെങ്കിൽ എന്നപോലെ ഇതേ കാലയളവിലും അതേ പ്രതിഫലത്തിലും അതേ വ്യവസ്ഥകളിലും ഉപാധികളിലും ഉദ്യോഗം വഹിക്കുന്നതും കാലാവധി, പ്രതിഫലം, വ്യവസ്ഥകൾ, ഉപാധികൾ എന്നിവയിൽ സൊസൈററികൾ യഥാവിധി വ്യത്യാസം വരുത്തുന്നതുവരെ അപ്രകാരം തുടരുന്നതുമാണ്.

**6.** <u>പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ</u>.— പരിയാരം മെഡിക്കൽ കോളേജിൽ

പഠിച്ചുകൊണ്ടിരിക്കുന്നതും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശനം നൽകിയിട്ടുള്ളതുമായ ഓരോ വിദ്യാർത്ഥിക്കും ഈ ആക്റ്റ് ഉണ്ടാക്കിയിട്ടില്ലായിരുന്നെങ്കിൽ എന്നപോലെ അതേ വ്യവസ്ഥകളുടെയും ഉപാധികളുടെയും അടിസ്ഥാനത്തിലും അതേ അവകാശങ്ങളോടും പ്രത്യേകാവകാശങ്ങളോടും കൂടിയും ആ വിദ്യാർത്ഥിയുടെ പഠനകോഴ്സ് തുടരുന്നതിനും പൂർത്തിയാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

7.<u>ആക്റ്റിന് മറ്റെല്ലാ നിയമങ്ങൾക്കുമേലും അധിപ്രഭാവമുണ്ടായിരിക്കുമെന്ന്.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് ഒഴികെ മറ്റേതെങ്കിലും നിയമംമൂലം പ്രാബല്യം ഉള്ള ഏതെങ്കിലും പ്രമാണത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ, വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

8. <u>ടി.ബി.സാനിട്ടോറിയം നിലനിറുത്തുന്നതിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.</u>— (1) മെഡിക്കൽ സയൻസസ് അക്കാഡമി, പരിയാരം മെഡിക്കൽ കോളേജിന്റെ പരിസരത്ത് പ്രവർത്തിച്ചുവരുന്ന ടി.ബി.സാനിട്ടോറിയം തുടർന്നും നിലനിറുത്തി പോരേണ്ടതും സംരക്ഷിക്കേണ്ടതും ആവശ്യമായ വികസനപ്രവർത്തനങ്ങൾ നടത്തേണ്ടതും പരേതനായ സാമുവൽ ആരൺ തീർത്ത 1950 ജൂൺ 5-ാം തീയതിയിലെ 812-ാം നമ്പർ ആധാരത്തിൽ വിവരിക്കുന്നതായ, ക്ഷയരോഗികൾക്ക് സൗജന്യ ചികിൽസ നൽകേണ്ടതുമാണ്.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ടി.ബി.സാനിട്ടോറിയത്തിന്റെ ശരിയായ ഭരണനിർവ്വഹണത്തിനുവേണ്ടി സർക്കാരിന്, അവർക്ക് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ സൊസൈറ്റികൾക്ക് നൽകാവുന്നതാണ്.

9. <u>വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.</u>— ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സന്ദർഭം ആവശ്യപ്പെടുന്ന പ്രകാരം, സർക്കാരിന് ഉത്തരവുമൂലം ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കുന്നതിന് ആവശ്യമാണെന്ന് അവർക്ക് തോന്നുന്നതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്ട് നടപ്പിൽവന്ന തീയതി മുതൽ രണ്ടു വർഷത്തിനുശേഷം അത്തരത്തിലുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതുമല്ല.